**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 96** **27-07-2021 - ൽ മറുപടിയ്ക്ക്**

**വിള ഇൻഷുറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്, ശ്രീ. അൻവർ സാദത്ത് , ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **Shri. P. Prasad (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നടപ്പാക്കുന്ന വിള ഇൻഷുറൻസ് പദ്ധതിയിലെ കർഷകരുടെ പങ്കാളിത്തം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗമാകുന്നവരുടെ എണ്ണം വർദ്ധിക്കുന്നതായാണ് കണ്ടിട്ടുള്ളത്. സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി പഞ്ചായത്തു തലത്തിൽ നടപ്പിലാക്കുന്നത് കൃഷി ഭവനുകൾ വഴിയാണ്. പദ്ധതിയിൽ കർഷകരെ ചേർക്കുന്നത് ഉൾപ്പെടെയുള്ള പദ്ധതി പുരോഗതി എല്ലാ മാസവും ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരും ജില്ലാ തലത്തിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ക്രെഡിറ്റ്)മാരും, പ്രിൻസിപ്പൽ കൃഷി ഓഫീസർമാരും അവലോകനം ചെയ്ത് വിലയിരുത്തുന്നു. സംസ്ഥാന തലത്തിൽ കൃഷി അഡീഷണൽ ഡയറക്ടർ (CP)ഉം കൃഷി ഡയറക്ടറും കർഷകരുടെ പങ്കാളിത്തം, ഫണ്ടിന്റെ വിനിയോഗം തുടങ്ങിയവ സംബന്ധിച്ച് വിലയിരുത്തൽ നടത്തുന്നു. കൂടാതെ ഓരോ വർഷവും വിള ഇൻഷുറൻസ് പദ്ധതിയുടെ നേട്ടങ്ങൾ കർഷകരിൽ എത്തിച്ച് കൂടുതൽ കർഷകരുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് ജൂലൈ ഒന്നാം തീയതി വിള ഇൻഷുറൻസ് ദിനവും തുടർന്ന് വിള ഇൻഷുറൻസ് പക്ഷാചരണവും നടത്താറുണ്ട്. 2015-16 മുതലുള്ള അംഗത്വത്തിന്റെയും പ്രീമിയം ശേഖരണത്തിന്റെയും കണക്കുകൾ അനുബന്ധം - I ൽ ചേർക്കുന്നു. |
| (ബി) | നഷ്ടപരിഹാര തുക അപര്യാപ്തമായതിനാൽ കൂടുതൽ കർഷകർ വിള ഇൻഷുറൻസ് പദ്ധതിയുടെ ഭാഗമാകുവാൻ വിമുഖത കാണിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (ബി) | ഇല്ല. 1995 ൽ സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി ആരംഭിച്ചപ്പോൾ 25 വിളകൾക്കാണ് ഇൻഷുറൻസ് പരിരക്ഷ നൽകിയിരുന്നത്. തുടർന്ന് 22/3/2017ലെ ജി.ഒ.(എം.എസ്)നം.37/2017/കൃഷി പ്രകാരമാണ് നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചു കൊണ്ട് പദ്ധതി പുനരാവിഷ്കരിച്ച് ഉത്തരവായത്. പരിഷ്കരിച്ച നഷ്ടപരിഹാര തുക കർഷകർക്ക് സംഭവിച്ച നാശം നികത്തുന്നതിന് പര്യാപ്തമാണ്. വിശദാംശങ്ങൾ അനുബന്ധം - II ൽ ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രളയം മൂലം കാർഷിക വിളകൾക്കുണ്ടായ കനത്ത നാശനഷ്ടങ്ങളുടെ പശ്ചാത്തലത്തിൽ കൂടുതൽ വിളകളെ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. 1995 ൽ സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി ആരംഭിച്ചപ്പോൾ 25 വിളകൾക്കാണ് ഇൻഷുറൻസ് പരിരക്ഷ നൽകിയിരുന്നത്. 22.03.2017 ലെ സ.ഉ.(എം.എസ്) നം.37/2017/ കൃഷി ഉത്തരവ് പ്രകാരം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് ഗണ്യമായ വർദ്ധനവ് നഷ്ടപരിഹാര തുകയിൽ വരുത്തി നടപ്പിലാക്കി വരികയാണ്. ഈ പദ്ധതി പ്രകാരം, കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകൾക്ക് (തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്) പരിരക്ഷ നൽകുന്നുണ്ട്. സ.ഉ.(കൈ) നം.1192/2017/കൃഷി തീയതി 13.12.2017 പ്രകാരം മാവ്, ചെറു ധാന്യങ്ങൾ (കൂവരക്, ചാമ, വരക്, തിന, പനിവരക്, കുതിരവാലി) എന്നീ വിളകളെയും വിള ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ പുതിയതായി കൊണ്ടുവന്ന് നഷ്ടപരിഹാരം നൽകി വരുന്നു. വാണിജ്യ പുഷ്പ കൃഷി, പപ്പായ, റംബൂട്ടാൻ, പേര, സപ്പോട്ട, പാഷൻ ഫ്രൂട്ട് മുതലായ ചെറുഫലവിളകൾ, ചേമ്പ്, കാച്ചിൽ, കൂർക്ക തുടങ്ങിയ കിഴങ്ങു വർഗ്ഗങ്ങൾ, തേനീച്ച കൃഷി, കോലിഞ്ചി എന്നിവ കൂടി വിള ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തുന്ന വിഷയം പരിഗണനയിലാണ്. |
| (ഡി) | കൂടുതൽ വിളകളെ ഉൾപ്പെടുത്തിയും നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചും വിള ഇൻഷ്വറൻസ് പദ്ധതി ആകർഷകമായി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | 22.03.2017 ലെ സ.ഉ.(എം.എസ്) നം.37/2017/ കൃഷി, 13/12/2017 ലെ സ.ഉ(കൈ)1192/2017/ കൃഷി ഉത്തരവുകൾ പ്രകാരം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് ഗണ്യമായ വർദ്ധനവ് നഷ്ടപരിഹാര തുകയിൽ വരുത്തി നടപ്പിലാക്കി വരികയാണ്. ഈ പദ്ധതി പ്രകാരം കേരളത്തിലെ പ്രധാനപ്പെട്ട 27 കാർഷിക വിളകൾക്കാണ് (തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്, മാവ്, ചെറു ധാന്യങ്ങൾ (കൂവരക്, ചാമ, വരക്, തിന, പനിവരക്, കുതിരവാലി) വിള ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തി നഷ്ടപരിഹാരം നൽകി വരുന്നത്. വാണിജ്യ പുഷ്പ കൃഷി, പപ്പായ, റംബൂട്ടാൻ, പേര, സപ്പോട്ട, പാഷൻ ഫ്രൂട്ട് മുതലായ ചെറുഫലവിളകൾ, ചേമ്പ്, കാച്ചിൽ, കൂർക്ക തുടങ്ങിയ കിഴങ്ങു വർഗ്ഗങ്ങൾ, തേനീച്ച കൃഷി, കോലിഞ്ചി എന്നിവ കൂടി ഉൾപ്പെടുത്തുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | വിഷയം പരിഗണനയിലാണ്. ആയതു പൂർത്തിയാകുന്നതോടെ വിള ഇൻഷുറൻസ് പദ്ധതി കൂടുതൽ ആകർഷകമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

| വർഷം | എൻറോൾ ചെയ്ത കർഷകരുടെ എണ്ണം | പ്രീമിയം ശേഖരിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 2015-16 | 146008 | 106.59352 |
| 2016-17 | 89862 | 105.98025 |
| 2017-18 | 176644 | 387.47088 |
| 2018-19 | 253068 | 533.33746 |
| 2019-20 | 427739 | 604.01581 |
| 2020-21 | 323698 | 700.40072 |
| 2021-22 (23-07-2021) വരെ | 26366 | 41.01415 |

സെക്ഷൻ ഓഫീസർ

Scanned with CamScanner

## അനുബന്ധം - II

| നം. | വിളകൾ | ഇൻഷ്വർ ചെയ്യാൻ വേണ്ട വിളയുടെ ഏറ്റവും കുറഞ്ഞ എണ്ണം /വിസ്തീർണ്ണം | വിള ഇൻഷ്വർ ചെയ്യാൻ വേണ്ട പ്രായം | അടയ്ക്കേണ്ട പ്രീമിയം | | നഷ്ടപരിഹാര തോത് | |
|---|---|---|---|---|---|---|---|
| | | | | പഴയ പ്രീമിയം | പുതിയ പ്രീമിയം | പഴയ നഷ്ടപരിഹാര തോത് | പുതിയ നഷ്ടപരിഹാര തോത് |
| 1 | തെങ്ങ് | 10 എണ്ണം | ഒരാണ്ടിൽ കുറഞ്ഞത് 30 നാളികേര മെങ്കിലും കായ്ഫലം നൽകുന്ന തെങ്ങുകൾ | തെങ്ങ് ഒന്നിന് 2 രൂപ 1 വർഷത്തേയ്ക്ക് 3 വർഷത്തേയ്ക്ക് ഒന്നിച്ച് അടച്ചാൽ തെങ്ങ് ഒന്നിന് 5 രൂപ | തെങ്ങൊന്നിന് ₹ 2 1 വർഷത്തേയ്ക്ക്. 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ തെങ്ങൊന്നിന് ₹ 5. | തെങ്ങ് ഒന്നിന് 1000 രൂപ | തെങ്ങൊന്നിന് ₹ 2,000 |
| 2 | കമുക് | 10 മരങ്ങൾ | കായ്ഫലമു ള്ളത് | ഒരു മരത്തിന് ഒരു വർഷത്തേയ്ക്ക് 1 രൂപ. 3 വർഷത്തേയ്ക്ക് ഒന്നിച്ച് അടച്ചാൽ മരം ഒന്നിന് 2 രൂപ | ഒരു മരത്തിന് 1 വർഷത്തേയ്ക്ക് ₹ 1.50. 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ മരമൊന്നിന് ₹ 3. | ഒരു മരത്തിന് 100 രൂപ | ഒരു മരത്തിന് ₹ 200 |
| 3 | റബ്ബർ | 25 എണ്ണം | കറയെ ടുക്കുന്ന മരങ്ങൾ | ഒരു മരത്തിന് 1 വർഷത്തേയ്ക്ക് 2 രൂപ. 3 വർഷം ഒന്നിച്ച് അടച്ചാൽ 5 രൂപ | ഒരു മരത്തിന് 1 വർഷത്തേയ്ക്ക് ₹ 3. 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 7.50 | ഒരു മരത്തിന് 500 രൂപ | ഒരു മരത്തിന് ₹ 1,000 |
| 4 | കശുമാവ് | 5 മരങ്ങൾ | കായ്ഫല മുള്ളത് | ഒരു മരത്തിന് 1 വർഷത്തേയ്ക്ക് 2 രൂപ. 3 രൂപ 5 വർഷത്തേയ്ക്ക് | ഒരു മരത്തിന് 1 വർഷത്തേയ്ക്ക് ₹ 3. 3 വർഷത്തേയ്ക്ക് ₹ 7.50 | ഒരു മരത്തിന് 200 രൂപ | ഒരു മരത്തിന് ₹ 750 |
| 5 | വാഴ (എ) ഏത്തൻ, കപ്പ (ബി) ഞാലിപ്പൂവൻ (സി) മറ്റിനങ്ങൾ | 10 എണ്ണം | നട്ട് കഴിഞ്ഞ് ഒരു മാസം മുതൽ 5 മാസം വരെ | ഒരു വാഴയ്ക്ക് 2 രൂപ | ഒരു വാഴയ്ക്ക് ₹ 3 | കലയ്ക്കാത്തതിന് 20 രൂപ കലച്ചതിന് ₹ 50 | (എ) കലയ്ക്കാത്തതിന് ₹ 150 (ബി) കലയ്ക്കാത്തതിന് ₹ 100 (സി) കലയ്ക്കാത്തതിന് ₹ 50 (എ) കലച്ചതിന് ₹ 300 (ബി) കലച്ചതിന് ₹ 200 (സി) കലച്ചതിന് ₹ 75 |

Scanned with CamScanner

| | | | | | | | |
|---|---|---|---|---|---|---|---|
| 6 | മരച്ചീനി | 0.02 ഹെക്ടർ | നട്ട് കഴിഞ്ഞ് ഒരു മാസത്തിനു ശേഷം 5 മാസം വരെ | 0.02 ഹെക്ടറിന് 2 രൂപ | 0.02 ഹെക്ടറിന് ₹ 3 | 0.02 ഹെക്ടറിന് ₹100 (ഹെക്ടർ 1-ന് ₹5000) | ഹെക്ടർ ഒന്നിന് ₹ 10,000 |
| 7 | കൈതച്ചക്ക | 0.02 ഹെക്ടർ | നട്ട് കഴിഞ്ഞ് ഒരു മാസത്തിനു ശേഷവും 6 മാസത്തിനകവും | 0.02 ഹെക്ടറിന് 25 രൂപ | 0.02 ഹെക്ടറിന് ₹ 37.50 | 0.02 ഹെക്ടറിന് ₹500 (ഹെക്ടർ 1-ന് ₹25000) | ഹെക്ടർ ഒന്നിന് ₹ 50,000 |
| 8 | കുരുമുളക് | 15 താങ്ങു മരങ്ങളിൽ ഉള്ളവ | കായ്ച്ചു തുടങ്ങിയവ | ഒരു താങ്ങു മരത്തിലുള്ളതിന് 1 വർഷത്തേയ്ക്ക് ₹ 1. മൂന്ന് വർഷത്തേയ്ക്ക് ഒന്നിച്ച് അടച്ചാൽ 2 രൂപ | ഒരു താങ്ങു മരത്തിലുള്ളതിന് 1 വർഷത്തേയ്ക്ക് ₹ 1.50. 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 3 | ഓരോ താങ്ങു മരത്തിലും ഉള്ളതിന് ₹ 40 വീതം | ഓരോ താങ്ങു മരത്തിലും ഉള്ളതിന് ₹ 200 വീതം |
| 9 | ഏലം | 1 ഹെക്ടർ | കായ്ഫലമുള്ളത് | ഒരു വർഷത്തേയ്ക്ക് ഹെക്ടറിന് ₹ 1000. 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 2500 | ഒരു വർഷത്തേയ്ക്ക് ഹെക്ടറിന് ₹ 1500. 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 3750 | ഹെക്ടർ ഒന്നിന് ₹ 30,000 | ഹെക്ടർ ഒന്നിന് ₹ 60,000 |
| 10 | ഇഞ്ചി | 0.02 ഹെക്ടർ | നട്ട് 1 മാസം കഴിഞ്ഞ് 5 മാസം വരെ | 0.02 ഹെക്ടറിന് ₹ 10 | 0.02 ഹെക്ടറിന് ₹ 15 | 0.02 ഹെക്ടറിന് 800 രൂപ (ഹെക്ടർ ഒന്നിന് ₹ 40000) | ഹെക്ടർ ഒന്നിന് ₹ 80,000 |
| 11 | മഞ്ഞൾ | 0.02 ഹെക്ടർ | നട്ട് 1 മാസം കഴിഞ്ഞ് 3 മാസം വരെ | 0.02 ഹെക്ടറിന് ₹ 10 | 0.02 ഹെക്ടറിന് ₹ 15 | 0.02 ഹെക്ട റിന് 800 രൂപ (ഹെക്ടർ ഒന്നിന് ₹ 40000) | ഹെക്ടർ ഒന്നിന് ₹ 60,000 |
| 12 | കാപ്പി | 10 മരങ്ങൾ | കായ്ഫലമുള്ളത് | ഒരു ചെടിക്ക് 1 വർഷത്തേയ്ക്ക് ഒരു രൂപ. 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 2 | ഒരു ചെടിക്ക് 1 വർഷത്തേയ്ക്ക് ₹ 1.50. 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 3 | ഒരു മരത്തിന് ₹ 75 | ഒരു മരത്തിന് ₹ 350 |
| 13 | തേയില | 1 ഹെക്ടർ | ഇലഎടുത്തു തുടങ്ങിയ ചെടികൾ | ഹെക്ടർ ഒന്നിന് 1 വർഷത്തേയ്ക്ക് ₹ 1000. 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 2500 | ഹെക്ടർ ഒന്നിന് 1 വർഷത്തേയ്ക്ക് ₹ 1,500. 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 3750 | ഹെക്ടർ ഒന്നിന് ₹ 60,000. ഇൻഷ്വർ ചെയ്തതിന്റെ 10 ശതമാനമോ, 2 ഹെക്ടറോ ഏതാണോ കുറവ് അതിന് നഷ്ടപരിഹാരം നൽകാവുന്നതാണ് | ഹെക്ടർ ഒന്നിന് ₹ 70,000. ഇൻഷ്വർ ചെയ്തതിന്റെ 10 ശതമാനമോ, 2 ഹെക്ടറോ ഏതാണോ കുറവ് അതിന് നഷ്ടപരിഹാരം നൽകാവുന്നതാണ് |
| 14 | കൊക്കോ | 5 എണ്ണം | കായ്ഫലമുള്ളത് | ഒരു രൂപ ഒരു മരത്തിന് 1 | ₹ 1.50 ഒരു മരത്തിന് 1 | 1 മരത്തിന് ₹ 35 | ഒരു മരത്തിന് ₹ 300 |

Scanned with CamScanner

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | വർഷത്തേയ്ക്ക്. 3 വർഷത്തേയ്ക്ക് ഒന്നിച്ച് അടച്ചാൽ 2 രൂപ | വർഷത്തേയ്ക്ക്. 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 3 | | |
| 15 | നിലക്കടല | 0.1 ഹെക്ടർ | നട്ട് കഴിഞ്ഞ് 1 മാസത്തിനു ശേഷം 2 മാസത്തിനു മുമ്പ് | 0.1 ഹെക്ടറിന് ₹ 25 | 0.1 ഹെക്ടറിന് ₹ 37.50 | 0.1 ഹെക്ടറിന് ₹ 800 (ഹെക്ടർ ഒന്നിന് ₹ 8000) | ഹെക്ടർ ഒന്നിന് ₹ 12,000 |
| 16 | എള്ള് | 0.1 ഹെക്ടർ | വിതച്ച് ഒരാഴ്ച കഴിഞ്ഞ് 1 മാസം വരെ | 0.1 ഹെക്ടറിന് ₹ 25 | 0.1 ഹെക്ടറിന് ₹ 37.50 | 0.1 ഹെക്ടറിന് ₹ 500 (ഹെക്ടർ ഒന്നിന് ₹ 5000) | ഹെക്ടർ ഒന്നിന് ₹ 12,500 |
| 17 | പച്ചക്കറി (പന്തലുള്ളവയും, പന്തലില്ലാത്തവയും) | 0.04 ഹെക്ടർ | നട്ട് ഒരാഴ്ച കഴിഞ്ഞ് 1 മാസം വരെ | 10 സെന്റിന് ₹ 10 | 10 സെന്റിന് ₹ 10 | 10 സെന്റിന് ₹ 600 (പന്തലില്ലാത്തവയ്ക്ക് ഹെക്ടർ 1-ന് ₹ 15000) 10 സെന്റിന് ₹1000 (₹25000 പന്തലുള്ളവയ്ക്ക്) | പന്തലില്ലാത്തവയ്ക്ക് ഹെക്ടർ ഒന്നിന് ₹ 25,000 പന്തലുള്ളവയ്ക്ക് ഹെക്ടർ ഒന്നിന് ₹ 40,000 |
| 18 | ജാതി | 5 എണ്ണം | കായ്ഫലമുള്ളത് | 1 വർഷത്തേയ്ക്ക് 1 മരത്തിന് ₹ 2. 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹5 | 1 വർഷത്തേയ്ക്ക് 1 മരത്തിന് ₹ 3. 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 7.50 | ₹ 200 ഒരു മരത്തിന് | ₹ 3,000 ഒരു മരത്തിന് |
| 19 | ഗ്രാമ്പൂ | 5 എണ്ണം | കായ്ഫലമുള്ളത് | 1 വർഷത്തേയ്ക്ക് 1 മരത്തിന് ₹ 2. 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹5 | 1 വർഷത്തേയ്ക്ക് 1 മരത്തിന് ₹ 3. 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 7.50 | ₹ 150 ഒരു മരത്തിന് | ₹ 1,000 ഒരു മരത്തിന് |
| 20 | വെറ്റില | 1 സെന്റ് | വിളവെടുപ്പ് ആരംഭിച്ചത് | 1 വർഷത്തേയ്ക്ക് സെന്റൊന്നിന് ₹ 5 | 1 വർഷത്തേയ്ക്ക് സെന്റൊന്നിന് ₹ 7.50 | സെന്റൊന്നിന് ₹250 | സെന്റൊന്നിന് ₹ 1,000 |
| 21 | പയർ വർഗ്ഗങ്ങൾ | 0.10 ഹെക്ടർ | നട്ട് 2 ആഴ്ച കഴിഞ്ഞ് 1½ മാസം വരെ | 0.10 ഹെക്ടറിന് ₹ 12.50 | 0.10 ഹെക്ടറിന് ₹ 19 | 0.1 ഹെക്ടറിന് ₹ 250 (ഹെക്ടറിന് ₹ 2500) | ഹെക്ടറിന് ₹ 10,000 |
| 22 | കിഴങ്ങു വർഗ്ഗങ്ങൾ (ചേന, മധുരക്കിഴങ്ങ്) | 0.02 ഹെക്ടർ | നട്ട് 1 മാസം കഴിഞ്ഞ് 3 മാസം വരെ | എ) ചേനകൃഷിക്ക് ₹ 5 ബി) മധുരക്കിഴങ്ങ് കൃഷിയ്ക്ക് ₹ 3 | ₹ 7.50 ചേന. ₹ 4.50 മധുരക്കിഴങ്ങ് | എ) 0.02 ഹെക്ടറിന് ₹ 500 ചേന (ഹെക്ടറിന് ചേന 25,000 രൂപ) ബി) 0.02 ഹെക്ടറിന് ₹200 മധുരക്കിഴങ്ങ് (ഹെക്ടർ ഒന്നിന് ₹10,000) | ചേന ഹെക്ടറിന് ₹ 35,000. മധുരക്കിഴങ്ങ് ഹെക്ടറൊന്നിന് ₹ 15,000 |
| 23 | കരിമ്പ് | 0.10 ഹെക്ടർ | നട്ട് 1 മാസം | 0.10 ഹെക്ടറിന് | 0.10 ഹെക്ടറിന് | 0.1 ഹെക്ടറിന് | ഹെക്ടറൊന്നിന് |

Scanned with CamScanner

| | | | | | | | |
|---|---|---|---|---|---|---|---|
| | | | കഴിഞ്ഞ് 3 മാസം വരെ | ₹60 | ₹ 90 | ₹3000 (ഹെക്ടർ ഒന്നിന് ₹ 30,000) | ₹ 50,000 |
| 24 | പുകയില | 0.02 ഹെക്ടർ | നട്ട് 2 ആഴ്ച കഴിഞ്ഞ് 2 മാസം വരെ | 0.02 ഹെക്ടറിന് ₹ 2 | 0.02 ഹെക്ടറിന് ₹ 3 | 0.02 ഹെക്ടറിന് ₹ 400 ഹെക്ടറിന് ₹ 20000 | ഹെക്ടറൊന്നിന് ₹ 20,000 |
| 25 | നെല്ല് | 0.10 ഹെക്ടർ | നട്ട് അല്ലെങ്കിൽ വിതച്ച് 15 ദിവസം കഴിഞ്ഞ് 45 ദിവസം വരെ | 0.10 ഹെക്ടറിന് ₹ 25 | 0.10 ഹെക്ടറിന് ₹ 25 | 45 ദിവസത്തിനകമുള്ള വിളകൾക്ക് ഹെക്ടറിന് ₹ 3000. 45 ദിവസത്തിന് ശേഷമുള്ള വിളകൾക്ക് ഹെക്ടറിന് ₹ 5000 കീടരോഗബാധ കൃഷി ഭവനിൽ അറിയിച്ച് വേണ്ട പ്രതിരോധ നടപടികൾ എടുത്തതിനു ശേഷവും നഷ്ടമുണ്ടായാൽ മാത്രമേ നഷ്ടപരിഹാര ത്തുകയ്ക്ക് അർഹത ഉണ്ടായിരിക്കുക യുള്ളൂ. | 45 ദിവസത്തിനകമുള്ള വിളകൾക്ക് ഹെക്ടറിന് ₹ 15,000. 45 ദിവസത്തിന് ശേഷമുള്ള വിളകൾക്ക് ഹെക്ടറിന് ₹ 35,000. കീടരോഗബാധ കൃഷി ഭവനിൽ അറിയിച്ച് വേണ്ട പ്രതിരോധ നടപടികൾ എടുത്തതിനു ശേഷവും നഷ്ടമുണ്ടായാൽ മാത്രമേ നഷ്ടപരിഹാര ത്തുകയ്ക്ക് അർഹത ഉണ്ടായിരിക്കുക യുള്ളൂ. |
| 26 | ചെറുധാന്യങ്ങൾ (കുവരക്, ചാമ, തിന, വരഗ്, പനി വരഗ്, കുതിരവാലി മുതലായവ) | 0.1 ഹെക്ടർ (25 സെന്റ്) | വിതച്ച് 15 ദിവസം കഴിഞ്ഞ് 45 ദിവസം വരെ | | 0.1 ഹെക്ടറിന് ₹ 25 | | വിതച്ച് 45 ദിവസത്തിനകമുള്ള വിളകൾക്ക് ഹെക്ടറിന് ₹ 10,000. 45 ദിവസത്തിന് ശേഷമുള്ള വിളകൾക്ക് ഹെക്ടറിന് ₹ 25000 |
| 27 | മാവ് | 5 മരങ്ങൾ | കായ്ഫലമുള്ളത് | | 1 മരത്തിന് ഒരു വർഷത്തേയ്ക്ക് ₹ 10; 3 വർഷത്തേയ്ക്ക് ഒരുമിച്ച് അടച്ചാൽ ₹ 25 | | 10 വർഷം വരെ പ്രായമുള്ളതിന് - ഒരു മരത്തിന് ₹ 1000. 10 വർഷത്തിനുമേൽ പ്രായമുള്ളതിന് - 1 മരത്തിന് ₹ 2000 |

Scanned with CamScanner

ദീർഘകാല വിളകൾക്ക് നടുന്നതു മുതൽ കായ്ച്ച തുടങ്ങുന്നതുവരെയുള്ള കാലയളവിൽ നൽകുന്ന പ്രത്യേക ഇൻഷ്വറൻസ് സംരക്ഷണം.

| നം. | വിളകൾ | ഇൻഷ്വർ ചെയ്യാൻ വേണ്ട വിളയുടെ ഏറ്റവും കുറഞ്ഞ എണ്ണം/ വിസ്തീർണ്ണം | വിള ഇൻഷ്വർ ചെയ്യാൻ വേണ്ട പ്രായം | അടയ്ക്കേണ്ട പ്രീമിയം | | നഷ്ടപരിഹാര തോത് | |
|---|---|---|---|---|---|---|---|
| | | | | **പഴയ പ്രീമിയം** | **പുതിയ പ്രീമിയം** | **പഴയ നഷ്ടപരിഹാര തോത്** | **പുതിയ നഷ്ടപരിഹാര തോത്** |
| 1 | തെങ്ങ് | 10 എണ്ണം | നട്ട് ഒരു മാസം മുതൽ 7 വർഷം വരെ | ഒരെണ്ണത്തിന് 1 വർഷത്തേയ്ക്ക് ₹ 1. 3 വർഷത്തേയ്ക്ക് ഒരുമിച്ചടച്ചാൽ ₹ 2 | ഒരെണ്ണത്തിന് 1 വർഷത്തേയ്ക്ക് ₹1. 3 വർഷത്തേയ്ക്ക് ഒരുമിച്ചടച്ചാൽ ₹ 2. | ആദ്യത്തെ 3 വർഷത്തേയ്ക്ക് ഒരെണ്ണത്തിന് ₹ 100. 3 വർഷത്തിനു മേൽ 7 വർഷം വരെ ഒരെണ്ണത്തിന് ₹ 200 | ആദ്യത്തെ 3 വർഷത്തേയ്ക്ക് ഒരെണ്ണത്തിന് ₹ 200 3 വർഷത്തിനു മേൽ 7 വർഷം വരെ ഒരെണ്ണത്തിന് ₹ 400 |
| 2 | കമുക് | 10 എണ്ണം | നട്ട് ഒരു മാസം മുതൽ 6 വർഷം വരെ | 3 വർഷത്തേയ്ക്ക് ഒരെണ്ണത്തിന് ₹ 1 വീതം | 3 വർഷത്തേയ്ക്ക് ഒരെണ്ണത്തിന് ₹ 1.50 വീതം | 3 വർഷം വരെ ഒരെണ്ണത്തിന് ₹ 25. 3 വർഷത്തിനു മേൽ 6 വർഷം വരെ ഒരെണ്ണത്തിന് ₹ 40 | 3 വർഷം വരെ ഒരെണ്ണത്തിന് ₹ 50. 3 വർഷത്തിനു മേൽ 7 വർഷം വരെ ഒരെണ്ണത്തിന് ₹ 80. |
| 3 | റബ്ബർ | 25 എണ്ണം | നട്ട് ഒരു മാസം മുതൽ 7 വർഷം വരെ | 3 വർഷത്തേയ്ക്ക് ഒരെണ്ണത്തിന് ₹ 1 വീതം | 3 വർഷത്തേയ്ക്ക് ഒരെണ്ണത്തിന് ₹ 1.50 വീതം | 3 വർഷം വരെ ഒരെണ്ണത്തിന് ₹ 100. 3 വർഷത്തിനു മേൽ 7 വർഷം വരെ ഒരെണ്ണത്തിന് ₹ 300 | 3 വർഷം വരെ ഒരെണ്ണത്തിന് ₹ 200. 3 വർഷത്തിനു മേൽ 7 വർഷം വരെ ഒരെണ്ണത്തിന് ₹ 600 |
| 4 | കശുമാവ് | 5 എണ്ണം | നട്ട് ഒരു മാസം മുതൽ 3 വർഷം വരെ | 3 വർഷത്തേയ്ക്ക് 5 എണ്ണത്തിന് ₹ 3 | 3 വർഷത്തേയ്ക്ക് 5 എണ്ണത്തിന് ₹ 4.50 | 3 വർഷം വരെ ഒരെണ്ണത്തിന് ₹ 50 | 3 വർഷം വരെ ഒരെണ്ണത്തിന് ₹ 100 |
| 5 | കുരുമുളക് | 15 താങ്ങുമരങ്ങളിലു ള്ളവ | നട്ട് ഒരു മാസം മുതൽ 4 വർഷം വരെ | 15 താങ്ങു മരങ്ങളിലുള്ളതിന് 1 വർഷത്തേയ്ക്ക് ₹5. 3 വർഷം ഒന്നിച്ചടച്ചാൽ ₹ 10. | 15 താങ്ങു മരങ്ങളിലുള്ളതിന് 1 വർഷത്തേയ്ക്ക് ₹ 7.50. 3 വർഷം ഒന്നിച്ചടച്ചാൽ ₹ 15. | ആദ്യത്തെ 2 വർഷം ഒരു താങ്ങുമരത്തിനു ള്ളതിന് ₹ 10. 2 വർഷം മുതൽ 4 വർഷം വരെ ₹ 20 | ആദ്യത്തെ 2 വർഷം ഒരു താങ്ങുമരത്തിനു ള്ളതിന് ₹ 50. 2 വർഷം മുതൽ 4 വർഷം വരെ ₹ 100 |
| 6 | മാവ് | 5 ഗ്രാഫ്റ്റുകൾ | നട്ട് ഒരു മാസം മുതൽ കായ് ഫലം തുടങ്ങുന്നതു വരെ | | 1 എണ്ണത്തിന് ഒരു വർഷത്തേയ്ക്ക് ₹ 2. 3 വർഷത്തേയ്ക്ക് ഒരുമിച്ച് അടച്ചാൽ ₹ 5. | | 1 എണ്ണത്തിന് ₹ 200 |

സെക്ഷൻ ഓഫീസർ

Scanned with CamScanner